## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2445 13.02.2013 ലെ മറുപടിയ്ക്ക്

## കാരുണ്യ ബെനവലന്റ് ഫണ്ട്

| | ചോദ്യം<br>ശ്രീ. ഇ.പി. ജയരാജൻ | മറുപടി<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | ലോട്ടറീസ് വകുപ്പ് കാരുണ്യ ഭാഗ്യക്കുറി ആരംഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ ; | കാരുണ്യ ഭാഗ്യക്കുറിയുടെ വിൽപ്പന 03.09.2011 ന് ആരംഭിക്കുകയും ആദ്യ നറുക്കെടുപ്പ് 24.09.2011-ന് നടത്തുകയും ചെയ്തു. |
| (ബി) | നാളിതുവരെ കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നും എത്ര തുക ലാഭമായി ലഭിച്ചുവെന്നും, എത്ര തുക കാരുണ്യ ബെനവലന്റ് ഫണ്ടിലേയ്ക്ക് ലഭ്യമാക്കിയെന്നും വ്യക്തമാക്കുമോ ; | കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നും തുടക്കം മുതൽ 02.02.2013 ൽ നറുക്കെടുപ്പ് നടത്തിയ KR-72- ാമത് നറുക്കെടുപ്പ് വരെ ഏകദേശം 125.97 കോടി രൂപ ലാഭം ഉണ്ടായിട്ടുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് 115 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും നാളിതുവരെ എത്ര തുക ചികിത്സാ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | നാളിതുവരെ 79.08 കോടി രൂപ ചികിത്സാ ധനസഹായമായി വിവിധ ആശുപത്രികളിലേക്ക് അനുവദിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ,റീജിയണൽ കാൻസർ സെന്റർ, ശ്രീചിത്തിര തിരുനാൾ | പരിയാരം സഹകരണ മെഡിക്കൽ കോളേജ്, കൊച്ചിൻ സഹകരണ മെഡിക്കൽ കോളേജ്, മലബാർ |

| | | |
|---|---|---|
| | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി എന്നീ സ്ഥാപനങ്ങളിൽ നടക്കുന്ന ശസ്ത്രക്രിയകൾ കൂടാതെ മറ്റേതെല്ലാം സ്ഥാപനങ്ങളിലെ ചികിത്സകൾക്ക് ധനസഹായം അനുവദിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | കാൻസർ സെന്റർ തലശ്ശേരി എന്നിവിടങ്ങളിലും ചികിത്സാ സഹായം ലഭ്യമാക്കുന്നു്. കൂടാതെ സർക്കാർ നിശ്ചയിച്ചിട്ടുള്ള പാക്കേജ് നിരക്കനുസരിച്ച് ചികിത്സ നടത്താൻ തയ്യാറുള്ളതും ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാണെന്ന് ജില്ലാ പരിശോധനാ സമിതി സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുള്ള സർക്കാരിതര ആശുപത്രികളിലും ചികിത്സാ സഹായം അനുവദിക്കുന്നുണ്ട്. |
| (ഇ) | കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിനായി തെരഞ്ഞെടുത്തിട്ടുള്ള ആശുപത്രികളിൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന നിർധന രോഗികൾക്ക് അറിവില്ലായ്മ കൊണ്ട് മുൻകൂട്ടി അപേക്ഷ നൽകാൻ കഴിയാതെ വന്നാൽ മതിയായ രേഖകളോടെ അപേക്ഷ നൽകിയാൽ റീഇംബേഴ്സ് ചെയ്തു നൽകുവാൻ നടപടി സ്വീകരിക്കുമോ ? | സർക്കാർ ആശുപത്രികളിൽ ഹൃദ്രോഗം തുടങ്ങിയ രോഗങ്ങൾക്ക് അടിയന്തിര സർജറി ഉൾപ്പെടെയുള്ള ചികിത്സ തേടി വരുന്ന രോഗികൾക്ക് യഥാസമയം കാരുണ്യ ബെനവലന്റ് ഫണ്ട് ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്തവർക്ക് സർജറി കഴിഞ്ഞ് 24 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ഡോക്ടറിൽ നിന്നും അടിയന്തിര സർജറി ആവശ്യമായിരുന്നുവെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം ജില്ലാഭാഗ്യക്കുറി ഓഫീസിൽ അപേക്ഷ നൽകാവുന്നതാണ്. ചികിത്സാ ചെലവ് റിഇംബേഴ്സ്മെന്റ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സർജറി ഉൾപ്പെടെയുള്ള ചികിത്സാ ചിലവ് പ്രസ്തുത 24 മണിക്കൂർ കാലപരിധികൂടി കണക്കിലെടുക്കുന്നതാണ്. സർക്കാർ |

| | | |
|---|---|---|
| | | ആശുപത്രികളിലെ ചികിത്സക്ക് അപേക്ഷ നൽകുകയും അടിയന്തിര ചികിത്സ നടത്തുന്നതിനു മുമ്പായി സഹായധനം ലഭിക്കാതെ വരികയും ചെയ്യുന്ന സന്ദർഭങ്ങളിൽ അപേക്ഷ തീയതി മുതൽ രോഗി സ്വന്തമായി ചെലവഴിക്കുന്ന തുക റീഇംബേഴ്സ്മെന്റായി ലഭിക്കാൻ വ്യവസ്ഥയുണ്ട് എന്നാൽ യഥാസമയം അപേക്ഷ നൽകാത്ത രോഗികൾക്ക് റീഇംബേഴ്സ്മെന്റ് ചെയ്തു നൽകുവാൻ പദ്ധതിയിൽ വ്യവസ്ഥയില്ല. പദ്ധതിയിലേക്ക് അക്രെഡിറ്റ് ചെയ്തിട്ടുള്ള സർക്കാരിതര ആശുപത്രികളിൽ അടിയന്തിര ചികിത്സാ സഹായമോ റീഇംബേഴ്സ്മെന്റ് വ്യവസ്ഥയോ ഇല്ല. |

സെക്ഷൻ ഓഫീസർ